(സി) ഈ സർക്കാർ നടത്തിയ അദാലത്തുകൾ വഴി അന്തിമ തീർപ്പ് കൽപ്പിച്ച കേസ്സുകൾ എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും എല്ലാ താലൂക്കുകളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും, ഹൈക്കോടതിയിലെ കേസ്സുകൾക്കുവേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും, സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്. കോടതികളിൽ നിലവിലുള്ളതും കോടതിയിൽ ഇതുവരെ ഫയൽ ചെയ്യാത്തതുമായ പരിഹരിക്കാവുന്ന എല്ലാ തർക്കങ്ങൾക്കും അദാലത്തുകൾവഴി നിയമ പിൻബലത്തോടെയുള്ള പരിഹാരം ഉണ്ടാക്കുക, അർഹരായ എല്ലാവർക്കും സൗജന്യ നിയമ സഹായം നൽകുക, വിവിധ ജനവിഭാഗങ്ങൾക്ക് നിയമബോധനം ഉണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(ബി) അദാലത്തിൽ ഇരുകക്ഷികളുടേയും സമ്മതപ്രകാരം ഉണ്ടാകുന്ന തീർപ്പുകൾ ലീഗൽ സർവ്വീസസ് ആക്ടിലെ സെക്ഷൻ 21 പ്രകാരം അന്തിമമായിരിക്കും. അത്തരം തീർപ്പുകൾക്കുമേൽ അപ്പീലുകൾ നിലനിൽക്കുന്നതല്ല. സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റികളും ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ടിലെ സെക്ഷൻ 19 പ്രകാരം ഒരു റിട്ടയേർഡ് അല്ലെങ്കിൽ സർവ്വീസിലുള്ള ന്യായാധിപൻ, ഒരു അഭിഭാഷകൻ എന്നിവർ ഉൾപ്പെട്ട ബഞ്ചാണ് ഇരുകക്ഷികളുടെയും സമ്മതത്തോടെയുള്ള തീർപ്പ് കൽപ്പിക്കുന്നത്.

(സി) ലീഗൽ സർവ്വീസസ് അതോറിറ്റികൾ/കമ്മിറ്റികൾ മുഖേന ജൂൺ 2011 മുതൽ ഫെബ്രുവരി 2015 വരെ 13496 അദാലത്തുകൾ നടത്തുകയും 268242 കേസ്സുകൾ തീർപ്പാക്കുകയും ചെയ്തു.

സർക്കാർ വകുപ്പുകളുടെ നടപടിയുമായി ബന്ധപ്പെട്ട് കോടതികളിൽ ഫയൽ ചെയ്യപ്പെട്ട കേസ്സുകൾ

200 (545) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളുടെ നടപടികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ കോടതികളിൽ ഫയൽ ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം വിശദമാക്കാമോ ;

(ബി) നിലവിലുള്ളതും ഓരോ വർഷവും ഫയൽ ചെയ്യപ്പെട്ടതുമായ കേസ്സുകൾ എത്രയാണെന്നും വകുപ്പുകൾ തിരിച്ച് വിശദമാക്കാമോ ;

(സി) ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നിലവിൽ സർക്കാർ നടപടികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസ്സുകൾ എത്ര ; വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച്

201 (546) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി എന്നാണ് ലഭ്യമായത് എന്നും എത്ര തുകയുടെ ഭരണാനുമതി ആണ് ലഭ്യമായത് എന്നും വിശദമാക്കുമോ ;

(ബി) കോർട്ട് കോംപ്ലക്സ് എവിടെ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ആയതിന്റെ പ്ലാനും എസ്റ്റിമേറ്റും സ്കെച്ചറൽ ഡിസൈനും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ; എന്തെല്ലാം സൗകര്യങ്ങൾ ആണ് ഇതിൽ ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ ;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly